(ഡി) തുക നിശ്ചയിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫ്ളാറ്റ് കൈമാറ്റങ്ങളിലുള്ള സ്തംഭനാവസ്ഥ പരിഹരിക്കാൻ, അവയുടെ വിലനിർണ്ണയക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31-1-2011 തീയതിവരെ ₹ 67,43,59,116 ലഭിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിയുടെ ആനുകൂല്യം 31-3-2011-വരെയാണ്.

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് മേഖലയാക്കി തിരിച്ച്, കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ പരിധി അടിസ്ഥാനമാക്കിയാണ് ടി പദ്ധതി പ്രകാരം ഈടാക്കേണ്ട മുദ്ര വില തീരുമാനിക്കുന്നത്. ടി പദ്ധതി പ്രകാരം ഈടാക്കുന്ന മുദ്ര വിലയ്ക്ക് പുറമേ കൂടുതലായി രജിസ്ട്രേഷൻ ഫീസോ മറ്റ് പിഴകളോ ഒടുക്കേണ്ടതില്ല. പഞ്ചായത്ത് പ്രദേശങ്ങളിൽ കൈമാറ്റ ഭൂപരിധി 5 സെന്റിൽ താഴെയാണെങ്കിൽ ടി കേസ്സുകളെ ഈ പദ്ധതി പ്രകാരം തുക അടയ്ക്കുന്നതിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ടി പദ്ധതിപ്രകാരം ഈടാക്കേണ്ട മുദ്രവില കണക്കാക്കുന്നതിനുള്ള പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഇ) ഈ വിഷയം പരിശോധിച്ചുവരുന്നതേയുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിൽ വയനാട് ജില്ലയിൽ നിന്നുള്ള വരുമാനം

217 (1687) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിൽ വിവിധ ഫീസ് ഇനങ്ങളിൽ വയനാട് ജില്ലയിൽനിന്ന് എത്ര വരുമാനമുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 2006-07 സാമ്പത്തിക വർഷം മുതൽ 2011 ജനുവരി മാസം വരെ വയനാട് ജില്ലയിൽ, രജിസ്ട്രേഷൻ വകുപ്പിൽ ഫീസിനത്തിൽ ആകെ 25.51 കോടി രൂപ വരുമാനം ഉണ്ടായിട്ടുണ്ട്.

തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിന് നടപടി

218 (1688) ശ്രീ. സി. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസ് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഴയ കെട്ടിടം പൊളിച്ചുമാറ്റി ബഹുനിലക്കെട്ടിടം പണിയുന്നതിലേക്കായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) തളിപ്പറമ്പ് SRO-യുടെ കെട്ടിട നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

ഭൂമിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

219 (1689) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തതും നിശ്ചയിച്ച വില പുനർനിർണ്ണയം ചെയ്യാത്തതുമായ സ്ഥലങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ നിർത്തിവയ്ക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമിക്ക് ന്യായവില നിർണ്ണയിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിൽ ഉൾപ്പെടാത്ത സ്ഥലങ്ങളുടെ രജിസ്ട്രേഷൻ ഏത് വിലയെ ആധാരമാക്കി നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പിന്നീട് ഈ നിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടത്തുന്നതിന് സബ് രജിസ്ട്രാർമാർ തടസ്സം പറയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തതും നിശ്ചയിച്ച വില പുനർനിർണ്ണയം ചെയ്യാത്തതുമായ സ്ഥലങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ നിർത്തിവയ്ക്കുന്നതിന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

(ബി) ഒരാധാരത്തിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ടി ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്, 1908-ലെ രജിസ്ട്രേഷൻ നിയമം പ്രകാരം അധികാരമില്ല എന്നും ന്യായവില നിശ്ചയിക്കപ്പെടാത്ത ഭൂമി ഉൾപ്പെട്ട് വരുന്ന ആധാരങ്ങളിന്മേൽ ഭൂമിയുടെ മൂല്യമായോ പ്രതിഫല സംഖ്യയായോ ആധാരങ്ങളിൽ കാണിച്ചിട്ടുള്ള ആയ തുകയെ അടിസ്ഥാനമാക്കി സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കേണ്ടതാണെന്നും 6-5-2010-ലെ 7065/ഇ2/10/നി.വ നമ്പർ സർക്കാർ കത്ത് പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിൽ പിന്നീട് മാറ്റമൊന്നും വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly